**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4533** | **13-11-2019**-ലെ മറുപടി

**അങ്കമാലി മണ്ഡലത്തിലെ ചുള്ളി കനാൽ നിർമ്മാണ പദ്ധതി**

ചോദ്യം

ശ്രീ.റോജി എം. ജോൺ

മറുപടി

കെ.കൃഷ്ണൻകുട്ടി

ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് വാർഡുകളിൽ ആയിരത്തിലധികം കുടുംബങ്ങൾക്ക് കുടിവെള്ളത്തിനും ജലസേചനത്തിനും ഉതകുന്ന ചുള്ളി കനാൽ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും വിഭാവനം ചെയ്ത രീതിയിൽ ഇത് പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ; | എ) & ബി) | ചുള്ളി കനാലിന്റെ നിർമ്മാണം 1982 ലാണ് ആരംഭിച്ചത്. എടലക്കാട് ചുള്ളി ബ്രാഞ്ച് കനാൽ 3.668കി.മീറ്റർ വരെ പൂർത്തീകരിക്കുകയും അതു വരെ ജലം എത്തിക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ നിന്നും ഭൂമി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| ബി) | പ്രസ്തുത കനാൽ പൂർണതോതിൽ പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | | |
| സി) | പ്രസ്തുത കനാൽ നിർമ്മാണം പൂർത്തീകരിക്കുന്നത് സംബന്ധിച്ച് നിയമസഭ അംഗത്തിന്റെ നേതൃത്വത്തിൽ പദ്ധതി പ്രദേശത്ത് യോഗം ചേർന്നിരുന്നോ; എങ്കിൽ എന്നാണെന്നും ആരൊക്കെ യോഗത്തിൽ പങ്കെടുത്തുവെന്നും യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | സി) | അങ്കമാലി എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ 06/09/2019 ൽ യോഗം ചേർന്നിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ.ഐ.പി.ഡിവിഷൻ നം.2 ചാലക്കുടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഐ.ഐ.പി.സബ് ഡിവിഷൻ നം.3, മലയാറ്റൂർ, അസിസ്റ്റന്റ് എഞ്ചിനീയർ ഐ.ഐ.പി സെക്ഷൻ 2/3, മലയാറ്റൂർ എന്നിവരാണ് പങ്കെടുത്തത്. പ്രളയാനന്തരം കനാലിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്ത് ജലവിതരണം സുഗമമാക്കുന്നതിനും കനാലിന്റെ വാലറ്റം വരെ വെള്ളം എത്തിക്കുന്നതിനും തീരുമാനിച്ചു. |
| ഡി) | പ്രസ്തുത പദ്ധതിയുടെ ആവശ്യകത കണക്കിലെടുത്ത് ഇത് എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | ഡി) | ഹരിതകേരള മിഷന്റെ അയ്യമ്പുഴ പഞ്ചായത്തിന്റെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**